www.prepp.in

Prepp
Your Personal Exams Guide

UPSC CSE 2019 MAINS PAPER A SEPTEMBER 28, 2019 MALAYALAM COMPULSORY LANGUAGE QUESTION PAPER

# മലയാളം / MALAYALAM

## (നിർബന്ധിതം) / ( COMPULSORY )

| | |
|---|---|
| സമയം : **മൂന്ന്** മണിക്കൂർ | പരമാവധി മാർക്ക് : **300** |
| *Time Allowed :* ***Three*** *Hours* | *Maximum Marks :* ***300*** |

---

### ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

***ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :***

എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

ഓരോ ചോദ്യത്തിനുമുള്ള മാർക്കുകൾ അതാതു് ചോദ്യത്തിനെതിരെ കൊടുത്തിട്ടുണ്ടു്.

ചോദ്യത്തിൽ നിർദ്ദേശിച്ചിട്ടില്ലെങ്കിൽ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം **മലയാളത്തിൽ (മലയാളം ലിപിയിൽ)** തന്നെ എഴുതണം.

ചോദ്യങ്ങൾക്കുള്ള ഉത്തരത്തിനു നിശ്ചയിച്ചിട്ടുള്ള വാക്കുകളുടെ എണ്ണം പാലിക്കണം. നിശ്ചയിച്ചിട്ടുള്ള എണ്ണത്തിനേക്കാൾ കൂടുകയോ കുറയുകയോ ചെയ്താൽ മാർക്കു് കുറയ്ക്കുന്നതായിരിക്കും.

ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്‌ലെറ്റിൽ ഏതെങ്കിലും പേജോ പേജിന്റെ ഭാഗമോ വിടുകയാണെങ്കിൽ അവ വ്യക്തമായി വെട്ടിക്കളഞ്ഞിരിക്കണം.

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*All questions are to be attempted.*

*The number of marks carried by a question is indicated against it.*

*Answers must be written in* ***MALAYALAM (Malayalam script)*** *unless otherwise directed in the question.*

*Word limit in questions, wherever specified, should be adhered to and if answered in much longer or shorter than the prescribed length, marks will be deducted.*

*Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

---

www.prepp.in

Prepp
Your Personal Exams Guide

**Q1. താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് 600 വാക്കുകളിൽ കവിയാതെ ഉപന്യസിക്കുക :** *100*

(a) ഉല്ലാദനപരമായ വിദ്യാഭ്യാസത്തിന്റെ ആവശ്യകത

(b) ഭാരതത്തിൽ വന്യമൃഗസംരക്ഷണം നേരിടുന്ന വെല്ലുവിളികൾ

(c) യുവമനസ്സിന്മേലുള്ള സിനിമകളുടെ സ്വാധീനം

(d) അംഗപരിമിതരുടെ ശാക്തീകരണം

**Q2. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധയോടെ വായിച്ച് തുടർന്നു കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കു് വ്യക്തവും സംക്ഷിപ്തവുമായ ഉത്തരമെഴുതുക :** *12×5=60*

അതിപ്രാചീനകാലത്തു് മനുഷ്യൻ ഭൂമിയുടെ കേവലം ചൂഷകനായിരുന്നു. നവീനശിലായുഗകാലം വരെ മനുഷ്യൻ കൃഷിയിൽ താല്പര്യമുള്ളവനായിരുന്നില്ല. ക്രമേണ പലേടത്തും അലഞ്ഞുതിരിയാതെ ഭൂമിയെ സംരക്ഷിച്ചുകൊണ്ടു് മനുഷ്യൻ ഭക്ഷണം ഉണ്ടാക്കാനും വിതരണം ചെയ്യാനും തുടങ്ങി. ഒപ്പം കൃഷിയെ അഭിവൃദ്ധിപ്പെടുത്താനുള്ള പ്രവർത്തനം മനുഷ്യൻ തുടർന്നുകൊണ്ടിരുന്നു. ഇന്നു് മനുഷ്യനു് മണ്ണിൽനിന്നും കൂടുതൽ ഉല്പാദിപ്പിക്കാനും ആദായമെടുക്കാനും മുമ്പത്തേക്കാളേറെ കഴിഞ്ഞിരിക്കുന്നു. പക്ഷേ കടലിനെ സംബന്ധിച്ചിടത്തോളം മനുഷ്യൻ പൂർണമായും ഒരു ചൂഷകൻ തന്നെയാണു്. മത്സ്യവും മറ്റുജലവിഭവങ്ങളും അവൻ കടലിൽനിന്നും സമ്പാദിക്കുന്നുണ്ടെങ്കിലും അവയെ വളർത്താനും വേണ്ടനിലയിൽ വിതരണം ചെയ്യാനും മനുഷ്യൻ അല്പമാത്രമേ ശ്രദ്ധിക്കുന്നുള്ളു. സമുദ്രോല്പന്നവേട്ട മനുഷ്യനെ കീഴടക്കിയിരിക്കുന്നു എങ്കിലും പോഷകസമൃദ്ധമായ ഉല്പന്നവിതരണം മനുഷ്യനു് ചെയ്യാൻ കഴിയാതെ വന്നിരിക്കുന്നു. കരയിലെ മത്സ്യക്കൃഷിയിലൂടെ മാംസ്യത്തിന്റെ കുറവു് മനുഷ്യൻ പരിഹരിക്കുന്നു. ലോകജനസംഖ്യയുടെ വളർച്ച കടലിൽനിന്നുള്ള മാംസ്യാഹാരത്തിന്റെ ആവശ്യകത വർദ്ധിപ്പിച്ചിരിക്കുന്നു. പക്ഷേ ലഭ്യത കുറഞ്ഞുമിരിക്കുന്നു. ജനസംഖ്യയുടെ വളർച്ചയ്ക്കനുസരിച്ച്

www.prepp.in

Prepp
Your Personal Exams Guide

സമുദ്രമത്സ്യക്കൃഷിയും വിതരണവും ഉചിതമായ നിലയിലായില്ലെങ്കിൽ ഭാവിയിൽ അതു അപകടകരമായിത്തീരും.

മത്സ്യക്കുളങ്ങൾ, കായലുകൾ, കൃത്രിമമായി നിർമ്മിച്ചിട്ടുള്ള വൈദ്യുതപദ്ധതികൾക്കായുള്ള അണക്കെട്ടുകൾ തുടങ്ങിയവയിൽ സാമാന്യം നല്ലനിലയിലുള്ള മത്സ്യക്കൃഷികൾ തൃപ്തികരമായി നടന്നുവരുന്നുണ്ടു്. ശുദ്ധജലതടാകങ്ങളിലെ മത്സ്യക്കൃഷികൾ മാംസ്യാഹാരത്തിന്റെ ഉല്പാദനവും വിതരണവും വർദ്ധിപ്പിച്ചിട്ടുണ്ടു്. കൃഷിവിദഗ്ദ്ധരുടെ മേൽനോട്ടംക്കൊണ്ടു് ഉൾനാടൻ സമൂഹത്തിൽ ഇത്തരം മത്സ്യക്കൃഷികൾ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്.

ഒരുകാലത്തു് മത്സ്യക്കുളങ്ങളിൽ ചെറിയ ഇനം മത്സ്യങ്ങളെയാണു് വളർത്തിയിരുന്നതു്. ആരോഗ്യപരമായ ചുറ്റുപാടുകളിൽ ഇത്തരം മത്സ്യക്കൃഷി താരതമ്യേന എളുപ്പമായിരുന്നു. ഈ വക മത്സ്യങ്ങൾക്ക് യോജിച്ച ഭക്ഷണം ആവശ്യമായിരുന്നു. എല്ലാ ജലാശയങ്ങളിലേയും അടിസ്ഥാനവസ്തു സൂക്ഷ്മാണുജീവികളാണു്. ജലത്തിനുമുകളിൽ ധാരാളമായി പൊങ്ങിക്കിടക്കുന്ന സസ്യ-ജന്തുജീവികളാണു് ഈ സൂക്ഷ്മാണുക്കൾ. ചെറുമത്സ്യങ്ങൾ സൂക്ഷ്മാണുജീവികളെ ഭക്ഷിക്കുന്നു. വലിയമത്സ്യങ്ങൾ ഈ ചെറുമത്സ്യങ്ങളെ ഭക്ഷിക്കുന്നു. ജലത്തിലെ ചില ധാതുലവണങ്ങളുടെ സാന്നിധ്യംകൊണ്ടു് ഈ സൂക്ഷ്മാണുജീവികൾ പെരുകിക്കൊണ്ടിരിക്കുന്നു. വളസംയോജനത്തിലൂടെ സൂക്ഷ്മാണുജീവികളെ പെരുപ്പിക്കാവുന്നതാണു്.

പ്രായോഗികവും ഫലപ്രദവുമായ നിലയിൽ സമുദ്രമത്സ്യക്കൃഷി നടത്തുന്നതിനുമുമ്പു് പല പ്രശ്നങ്ങളും പരിഹരിക്കപ്പെടേണ്ടതുണ്ടു്. ഉദാഹരണത്തിനു്, സമുദ്രത്തിന്റെ ഒരു ഭാഗത്തു് മാത്രം വളസംയോജനം സാധ്യമാവില്ല. സമുദ്രത്തിന്റെ അടിയൊഴുക്കു് വളത്തെ വളരെയേറെ മൈലുകൾക്കപ്പുറം ഉല്പാദനക്ഷമമല്ലാത്ത ജലം വരെ എത്തിക്കും. മത്സ്യകർഷകൻ സമുദ്രത്തിൽ ഒരു പ്രത്യേക സ്ഥലത്തു് വളസംയോജനം

www.prepp.in

Prepp
Your Personal Exams Guide

പരിമിതപ്പെടുത്തുകയാണെങ്കിൽ അയാളുടെ മത്സ്യസമ്പത്തിനെ വളർച്ചയെത്തുന്നതുവരെ സംരക്ഷിക്കാൻ കഴിയും. അതിനു് പ്രത്യേകസ്ഥലം കണ്ടെത്തേണ്ടിവരും. കർഷകന്റെ ചെലവുകൾക്ക് പരമാവധി വരുമാനം ലഭിക്കണമെങ്കിൽ, മത്സ്യത്തിനുള്ള തീററ മത്സ്യേതരജീവികൾ ഉപയോഗിക്കുന്നതു തടഞ്ഞു് മത്സ്യത്തെ സംരക്ഷികുന്നതിനു് പ്രത്യേക മാർഗ്ഗം കണ്ടെത്തേണ്ടിവരും. മാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ടതു് മത്സ്യത്തിനുള്ള തീററ കഴിക്കുന്ന ഭക്ഷ്യയോഗ്യമല്ലാത്ത പലതരത്തിലുള്ള ജല ജീവികളെ നശിപ്പിക്കുക എന്നതാണു്. മത്സ്യകൃഷിയെ സംബന്ധിച്ചിടത്തോളം ഈ 'കളനശീകരണം' അനിവാര്യമാണു്.

ഭൂനിരപ്പിന്റെ മുക്കാൽഭാഗം വരുന്ന സമുദ്രത്തിന്റെ അപാരമായ വിസ്താരത ഓർക്കുമ്പോൾ തീർച്ചയായും ഈ പ്രശ്നം നിസ്സാരമായി പരിഹരിക്കാവുന്നതല്ല എന്നുകരുതാം. കുളങ്ങളെയോ കായലുകളെയോ പോലെ അല്ല സമുദ്രജലം, അത് സ്ഥിരമായി അടിയൊഴുക്കോടുകൂടിയതാണു്. അതുകൊണ്ടു് പ്രശ്നം സാവധാനമേ പരിഹരിക്കാനാവൂ. ഭാവിയിൽ മനുഷ്യൻ ചെറിയരീതിയിൽ സമുദ്രതീരത്തു് മത്സ്യക്കൃഷി തുടങ്ങിയേക്കും. പിന്നീടു് ആ പ്രദേശത്തു് പ്രത്യേകതരത്തിലുള്ള മത്സ്യങ്ങളെ കൃഷി ചെയ്യാൻ തയ്യാറാവും. ഭക്ഷണയോഗ്യമല്ലാത്ത, മത്സ്യത്തിന്റെ തീററ കഴിച്ചു ജീവിക്കുന്ന ജലജീവികളെ നിർമ്മാർജ്ജനം ചെയ്തു്, ആവശ്യമുള്ള സമയത്തു് സ്ഥലം വളസംയോജനം നടത്തി അവസാനം പാകമായ മത്സ്യങ്ങളുടെ വിളവെടുപ്പു് നടത്തുകയും ചെയ്യും.

(a) ഭാവിയിൽ സമുദ്രമത്സ്യക്കൃഷി ആവശ്യമായി വരുന്നതു എന്തുകൊണ്ടു് ? 12

(b) മത്സ്യക്കൃഷിയിൽ വളസംയോജനത്തിന്റെ പ്രാധാന്യമെന്തു് ? 12

(c) സമുദ്രത്തിന്റെ ഏതുഭാഗത്താണു് മത്സ്യക്കൃഷിതുടങ്ങുന്നതു് ? 12

(d) 'കളനശീകരണം' കൊണ്ടുദ്ദേശിക്കുന്നത് എന്തു് ? 12

(e) സമുദ്രമത്സ്യക്കൃഷിയുടെ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാം ? 12

www.prepp.in

Prepp
Your Personal Exams Guide

**Q3. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം മൂന്നിലൊന്നായി സംക്ഷേപിക്കുക. തലക്കെട്ട് നൽകേണ്ടതില്ല. സംക്ഷേപം നിങ്ങളുടെ സ്വന്തം വാക്കുകളിൽ ആയിരിക്കണം.** *60*

ഭാരതത്തിലെ ഗ്രാമീണ ജനസംഖ്യയുടെ പെരുപ്പം, അവരുടെ സാമൂഹികസാമ്പത്തികാവസ്ഥയും ജീവിതസൗകര്യവും ആകെക്കൂടിയുള്ള ഗ്രാമീണാന്തരികഘടനയുടെ അഭിവൃദ്ധിയും നീതിപൂർവ്വവും പൂർണ്ണവുമായ വളർച്ചയും അവശ്യപ്പെടുന്നു. ഗ്രാമീണാന്തരികഘടനയിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങൾ കുടിവെള്ളത്തിന്റെ ലഭ്യതയും ക്രമീകരണവുമാണ്. തീർച്ചയായും കുടിവെള്ളം അത്യാവശ്യമായ ഒരു പൊതുവസ്തുവാണ്. പൗരന്മാരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന കാര്യത്തിൽ ജലസംരക്ഷണ-നിർമ്മാണപദ്ധതിക്ക് വർദ്ധിച്ച പൊതുമുതൽമുടക്ക് അനിവാര്യമാണ്. ജലസംരക്ഷിത രാഷ്ട്രം പൗരന്മാർക്ക് ശുദ്ധവും സുരക്ഷിതവുമായ ജലം നല്കുന്നു എന്നുമാത്രമല്ല, ആരോഗ്യപരവും സാമ്പത്തികവുമായ ഒരു സമൂഹത്തെ സൃഷ്ടിക്കുകയും ചെയ്യുന്നു. വ്യവസ്ഥാപിതമായ ജല സംഭരണ-വിതരണ സമ്പ്രദായത്തിന്റെ അഭാവവും താഴ്ന്ന നിലയിലുള്ള സാമൂഹികസാമ്പത്തികാവസ്ഥയും വിദ്യാഭ്യാസത്തിന്റെ അഭാവവും ജലോപയോഗത്തെ സംബന്ധിച്ച അജ്ഞതയും ഭാരതത്തിന്റെ അമിതമായ ജനസംഖ്യയും കാരണം കുടിവെള്ളപ്രശ്നം ഗുരുതരമായി മാറുന്നു.

പൊതുജനാരോഗ്യത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിന് സുരക്ഷിതമായ കുടിവെള്ളം നല്കാൻ ഭരണഘടനയുടെ 47-ാം വകുപ്പ് സംസ്ഥാനങ്ങളെ അധികാരപ്പെടുത്തുന്നു. ശുദ്ധമായ കുടിവെള്ളത്തെ സംബന്ധിച്ച ഈ അധികാരം ജലജന്യരോഗങ്ങളെ നിർമ്മാർജ്ജനം ചെയ്ത് രാജ്യത്തിന്റെ കോടാനുകോടി ജനങ്ങളുടെ ആരോഗ്യത്തെ സംരക്ഷിക്കാൻ പ്രാപ്തമാക്കുന്നു.

www.prepp.in

Prepp
Your Personal Exams Guide

ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക, സംഘടിതമായ ജലസംവിധാനപദ്ധതി, പൊതുജനാരോഗ്യസംരക്ഷണം തുടങ്ങിയവ മനുഷ്യന്റെ അഭിവൃദ്ധിക്കു് അനിവാര്യമാണു്. മാർച്ച് 22-നു് ആചരിച്ച ഈ വർഷത്തെ 'ലോക ജലദിനം' ശുദ്ധജലനിർമ്മാണവും സംരക്ഷണവും ലക്ഷ്യംവച്ചുകൊണ്ടുള്ളതാണു്.

ഗ്രാമീണ ജനസമൂഹത്തിനു് സുരക്ഷിതമായ കുടിവെള്ളം ഉറപ്പുവരുത്തുക എന്നതു് സർക്കാരിന്റെ ലക്ഷ്യമാകുന്നു. ഗ്രാമീണജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ ശ്രദ്ധേയമായ നടപടികൾ ആരംഭിച്ചിട്ടുണ്ടു്. നിർമ്മാണ-സംരക്ഷണ പദ്ധതികൾ കൂടാതെ ഗ്രാമീണജലപദ്ധതികൾ ആരംഭിക്കുക, ഭൂഗർഭജല പുനഃചംക്രമണം നടത്തുക തുടങ്ങിയ സംവിധാനങ്ങൾക്കായി സർക്കാരുകൾ ഗ്രാന്റുകൾ നല്കിവരുന്നു. ഗ്രാമീണമേഖലകളിൽ ഏറ്റവും സൗകര്യപ്രദവും പ്രയോജനകരവുമായ മഴവെള്ള സംഭരണം ഉൾപ്പെടെയുള്ള പല പദ്ധതികളും ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. മഴവെള്ള സംരക്ഷണത്തിനും സംഭരണത്തിനും പ്രത്യേകപദ്ധതികൾക്കായുള്ള മാസ്റ്റർ പ്ലാൻ സർക്കാർ തയ്യാറാക്കിവരുന്നു. പരമ്പരാഗത ജലസംരക്ഷണ-പരിപാലന പദ്ധതികളുടെ വിജയകരമായ അനുഭവകഥകളുണ്ടു്. 2001-ൽ തമിഴ്നാടു് സർക്കാർ ഒരോ വീട്ടിലും മഴവെള്ള സംഭരണ സാമഗ്രികൾ നിർബന്ധമാക്കിയിട്ടുണ്ടു്. ബാംഗ്ളൂരും പൂനയിലെ ഭവനനിർമ്മാണസൊസൈറ്റികളും ഉത്തരത്തിലുള്ള മഴവെള്ള സംഭരണരീതികൾ ആവിഷ്കരിച്ചിട്ടുണ്ടു്. ഈ രീതിയിലുള്ള പല പദ്ധതികളും മറ്റു സംസ്ഥാനങ്ങളും നടപ്പിലാക്കിയിട്ടുണ്ടു്.

അമിതമായി ഭൂഗർഭജലത്തെ ചൂഷണം ചെയ്യുക എന്നതു് ഉൽക്കണ്ഠാജനകമാണു്. സംസ്ഥാന സർക്കാരുകൾ ഇക്കാര്യത്തിൽ സമയാസമയങ്ങളിൽ പരിശോധനയ്ക്കായി പ്രത്യേകം സംവിധാനം ഏർപ്പാടാക്കേണ്ടതാണു്. രൂക്ഷമായ ജലക്ഷാമം ഉള്ളിടത്തു് കുഴൽക്കിണർ

www.prepp.in
Prepp
Your Personal Exams Guide

നിർമ്മാണം നിയന്ത്രിക്കപ്പെടേണ്ടതുണ്ട്. കുടിവെള്ളവിതരണത്തിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പാടാക്കാൻ പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾ കൂടുതൽ പങ്കാളിത്തം വഹിക്കേണ്ടതുണ്ട്. ഇപ്പോൾ പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ പങ്ക് വളരെ പരിമിതമാണ്. ഗ്രാമീണസഭകൾ, സാമ്പത്തികസംരഭകർ എന്ന നിലയിൽ സർക്കാരുകൾ തുടങ്ങിയവർ ശുദ്ധജലസംരക്ഷണത്തിനു വിജയകരമായി പ്രവർത്തിച്ചുവരുന്നുണ്ട്. നമ്മുടെ ഓരോ പ്രവർത്തിയും ശുദ്ധജലത്തിനുള്ള മാർഗ്ഗവും ലഭ്യതയും വികസിപ്പിക്കുക, ശുദ്ധജലസംരക്ഷണത്തിനും ഉപയോഗത്തിനും ഗ്രാമീണജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുക തുടങ്ങിയവയ്ക്കുവേണ്ടി ഉള്ളതാവണം.

സമൂഹത്തിന്റെ സാമ്പത്തികകാര്യങ്ങളിലും പരിപാലനത്തിലുമുള്ള പങ്കാളിത്തം, സമൂഹത്തിന്റെ പരമ്പരാഗതമായ ജംഗമവസ്തുക്കളുടെയും ജീവിതരീതികളുടെയും സംരക്ഷണം തുടങ്ങിയവ ഗ്രാമീണസമൂഹത്തിന്റെ ജീവിതദൈർഘ്യം വർദ്ധിപ്പിക്കുന്നു. കുടിവെള്ളസ്രോതസ്സുകളുടെ സമീപത്തുള്ള ജനസമൂഹത്തിന്റെ ജീവിതരീതികളുടെ പരിപാലനം മാത്രമല്ല; ജലസംഭരണത്തിന്റെ രീതികളും മാർഗ്ഗങ്ങളും, പകർച്ചവ്യാധികളെ തടയാനുള്ള പരിശ്രമങ്ങൾ തുടങ്ങിയ കാര്യങ്ങളിലും സമൂഹത്തിന് സുപ്രധാനമായ പങ്കുണ്ട്.

ഫലപ്രദമായ പല പദ്ധതികളുടെയും പ്രായോഗികവൽകരണം, പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾ, മറ്റ് സഹകരണസ്ഥാപനങ്ങൾ, ഗ്രാമീണ സമൂഹങ്ങൾ തുടങ്ങിയവയുടെ ഫലപ്രദമായ ഇടപെടൽ ദീർഘകാല ശുദ്ധജലസംരക്ഷണപദ്ധതിക്ക് അനിവാര്യമാണെന്ന് വരുത്തുന്നു. ആ വക പ്രവർത്തനങ്ങൾ ശുദ്ധജലത്തിന്റെ ലഭ്യതയ്ക്കും സംരക്ഷണത്തിനുമുള്ള ദീർഘകാല പരിഹാരമായിമാറുകയും 2030-ടു കൂടി 'ഹർ ഘർ ജൽ' എന്ന ലക്ഷ്യത്തിലെത്തിച്ചേരുകയും ചെയ്യും. *[308 വാക്കുകൾ]*

www.prepp.in

Prepp
Your Personal Exams Guide

**Q4.** **താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ഇംഗ്ലീഷിലേക്കു് തർജ്ജമ ചെയ്യുക :** *20*

ഒരു വ്യക്തി തന്നിലേക്കുതന്നെ നോക്കുമ്പോൾ അയാൾ സ്വയം തെറ്റിദ്ധരിക്കപ്പെടുന്നു; തെറ്റായി വിലയിരുത്തപ്പെടുന്നു. അയാൾ അയാളുടെ മാത്രം ലക്ഷ്യങ്ങളേ കാണുന്നുള്ളൂ. ഭൂരിപക്ഷം ജനങ്ങൾക്കും നല്ല ഉദ്ദേശ്യങ്ങൾ ഉണ്ടാകും. അതുകൊണ്ടുതന്നെ അവർ എന്തുചെയ്താലും നല്ല ഫലങ്ങളും കിട്ടുന്നു. ഒരു വ്യക്തിക്ക് വസ്തുനിഷ്ഠമായി സ്വപ്രവർത്തനങ്ങൾ വിലയിരുത്തുക ബുദ്ധിമുട്ടാണു്. അതുകൊണ്ട് പലപ്പോഴും അയാളുടെ നല്ല ലക്ഷ്യങ്ങൾ പോലും, നന്മകൾ പോലും, പരസ്പരം വിരുദ്ധമായി പോകാറുണ്ടു്. ഭൂരിപക്ഷം ആളുകളും പ്രവൃത്തികൾ ചെയ്യുന്നതു് ആ വക പ്രവർത്തനങ്ങൾ ചെയ്യണം എന്ന ഉദ്ദേശ്യത്തോടുക്കൂടിയാണു്. മിക്കവരും അവരവർക്ക് സൗകര്യപ്പെടുന്ന രീതിയിൽ ജോലിചെയ്യുകയും വൈകുന്നേരം സംതൃപ്തിയോടെ വീട്ടിലേക്കുതിരിച്ചുപോവുകയും ചെയ്യുന്നു. അവർ അവരുടെ പ്രവൃത്തികൾ വിലയിരുത്താറില്ല; അവരുടെ ലക്ഷ്യങ്ങൾ മാത്രം വിലിയിരുത്തുന്നു. ഒരു വ്യക്തി തന്റെ ജോലി കൃത്യസമയത്തു് പൂർത്തിയാക്കണം എന്ന ലക്ഷ്യത്തോടുകൂടി ജോലിചെയ്യുമ്പോൾ അയാളുടെ നിയന്ത്രണത്തിനു് അതീതമായ കാരണത്താൽ താമസം നേരിട്ടേക്കാം. താമസിപ്പിക്കണം എന്ന ലക്ഷ്യം ഒരിക്കലും അയാൾക്കുണ്ടാവില്ല. പക്ഷേ അയാളുടെ പ്രവർത്തനങ്ങൾ താമസത്തിനു കാരണമായാൽ അതു് ബോധപൂർവ്വമായി മാറുമോ ?

ജീവിതവുമായി ഇടപഴകുന്നതിനു പകരം നാം പലപ്പോഴും ജീവിതത്തെ വിലയിരുത്തുന്നതാണു് പ്രശ്നം. മനുഷ്യൻ കാര്യകാരണങ്ങൾ അറിയാൻ അവരുടെ പരാജയങ്ങളെ കീറിമുറിക്കുന്നു. അപൂർവ്വമായി അവർ അതുമായി ഇടപഴകി അതിനു് അതീതമാവാനും അതുവഴി ദുരനുഭവങ്ങൾ ഒഴിവാക്കാനും ശ്രമിക്കുന്നു. ബുദ്ധിമുട്ടുകളിലൂടെയും പ്രശ്നങ്ങളിലൂടെയും ഈശ്വരൻ നമുക്കു വളരാനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് പ്രതീക്ഷകളും സ്വപ്നങ്ങളും ലക്ഷ്യങ്ങളും മാറ്റിവച്ചാൽ പരാജയങ്ങൾക്കിടയിൽ ഒളിഞ്ഞിരിക്കുന്ന സുവർണ്ണാവസരം മനുഷ്യർക്കു് കണ്ടെത്താനാവും.

ബുദ്ധിമുട്ടുകളുമായി ഇടപഴകാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നതു് എപ്പോഴും ഒരു വെല്ലുവിളിയാണു്. ഒരു നേതാവു് അന്വേഷിക്കുന്നതു് അംഗീകാരത്തിനും പ്രതിരോധത്തിനും ഇടയിലുള്ള ഒരു സന്തുലിതാവസ്ഥയാണു്.

www.prepp.in

Prepp
Your Personal Exams Guide

**Q5.** **താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം മലയാളത്തിലേക്കു് തർജ്ജമ ചെയ്യുക :** *20*

Freedom has assuredly given us a new status and new opportunities. But it also implies that we should discard selfishness, laziness and all narrowness of outlook. Our freedom suggests toil and the creation of new values for old ones. We should so discipline ourselves as to be able to discharge our responsibilities satisfactorily. If there is any one thing that needs to be stressed, it is that we should put in action our full capacity, each one of us in productive effort — each one of us in his own sphere, however humble. Work, unceasing work, should now be our watchword. Work is wealth, and service is happiness. The greatest crime today is idleness. If we root out idleness, all our difficulties, including even conflicts, will gradually disappear. Whether as constable or high official of the state, whether as businessmen or industrialist, artisan or farmer, each one is discharging the obligation to the state, and making a contribution to the welfare of the country. Honest work is the anchor to which we should cling if we want to be saved from danger or difficulty. It is the fundamental law of progress.

**Q6.** **താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക :**

**(a)** **അർഥം വ്യക്തമാകുന്ന വിധത്തിൽ വാക്യത്തിൽ പ്രയോഗിക്കുക :** *2×5=10*

(i) മർക്കടമുഷ്ടി *2*

(ii) കയ്യാലപ്പുറത്തെ തേങ്ങ *2*

(iii) പുത്തനച്ചി പുരപ്പുറം തൂക്കും *2*

(iv) വെളുക്കാൻ തേച്ചതു് പാണ്ടായി *2*

(v) തലയിരിക്കുമ്പോൾ വാൽ ആടുമോ ? *2*

www.prepp.in

Prepp
Your Personal Exams Guide

**(b)** **സന്ധി ചെയ്യുക :** *2×5=10*

(i) രാകാ + ഇന്ദു *2*

(ii) അഭി + സേകം *2*

(iii) കൺ + നീർ *2*

(iv) അണു + ആയുധം *2*

(v) തീ + കനൽ *2*

**(c)** **താഴെ കൊടുത്തിട്ടുള്ള പദങ്ങളുടെ സ്ത്രീലിംഗരൂപം എഴുതുക :** *2×5=10*

(i) ശാസ്ത്രി *2*

(ii) ജേതാവ് *2*

(iii) കാമരൂപൻ *2*

(iv) തസ്കരൻ *2*

(v) വിദ്വാൻ *2*

**(d)** **താഴെ കൊടുത്തിട്ടുള്ള പദങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക :** *2×5=10*

(i) മഠയൻ *2*

(ii) ആരൂഢം *2*

(iii) മോദിരം *2*

(iv) ന്യായാധിപൻ *2*

(v) മൃത്യുഞ്ജയം *2*

Prepp Your Personal Exam Guide